9. ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാനായി റേഷൻകടകൾവഴി ഫോർട്ടിഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു.

10. എ.ആർ.ഡി., ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. മേൽപ്പറഞ്ഞ നടപടികൾവഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.

11. അരിയും പലവ്യജ്ഞനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP-യേക്കാളും ശരാശരി 3-7% വിലക്കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട-കുത്തക കച്ചവടക്കാരെ MRP-ൽനിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു.

12. പൊതുവിപണിയിലേതിനെക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ 'ശബരി' എന്ന പേരിൽ വിപണിയിൽ വില്പന നടത്തിവരുന്നു.

13. ഉത്സവകാലങ്ങളിലെ വിലവർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു. വരുന്ന ഓണക്കാലത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഓണച്ചന്തകൾ/ഫെയറുകൾ ഉണ്ടായിരിക്കും.

14. ലേബർ ബ്യൂറോ ഓഫ് ഇന്ത്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചികപ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

15. പച്ചക്കറികളുടെ വിലയിൽ ഉണ്ടായേക്കാവുന്ന വില വർദ്ധനവ് തടയുന്നതിലേക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളും പൊതുവിപണി വിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തിവരുന്നുണ്ട്.

16. കൂടാതെ സംസ്ഥാനത്തെ 40 ലക്ഷം കാർഡുടമകൾക്ക് 2 രൂപാ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു.

കോന്നിയിലെ ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനം

112 (126) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. ബി. രാഘവൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കോന്നിയുടെ ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ;

(ബി) ഇപ്പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു ; കേന്ദ്ര സഹായമായി എത്ര കോടി രൂപ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് ;

(ഇ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ ?

ഉത്തരം

(എ) ഭക്ഷ്യ ഗവേഷണ കൗൺസിലിന്റെ കീഴിൽ ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറി (FQML), കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജി (CIFT), ഫുഡ് പ്രോസ്സസിംഗ് ട്രെയിനിംഗ് സെന്റർ (FPTC), മെഗാ ഫുഡ് പാർക്ക് എന്നിങ്ങനെ നാല് ഘടകങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) ഇപ്പോൾ ഭക്ഷ്യ ഗവേഷണ കൗൺസിലിന്റെ കീഴിൽ ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറി (FQML), കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജി (CIFT), ഫുഡ് പ്രോസ്സസിംഗ് ട്രെയിനിംഗ് സെന്റർ (FPTC) എന്നീ ഘടകങ്ങൾ നിലവിലുള്ള നവീകരിച്ച കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

FQML-ൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി പലതരം ഭക്ഷണ പദാർത്ഥങ്ങൾ പരിശോധിച്ചു റിപ്പോർട്ട് നൽകിവരുന്നു.

CIFT-ൽ രണ്ട് ബാച്ചുകളിലായി 27 വിദ്യാർത്ഥികൾ M.Sc(Food Technology and Quality Assurance) എന്ന കോഴ്സിന് പഠിച്ചുവരുന്നു. FPTC മുഖേന ഭക്ഷ്യ സുരക്ഷ, ഗുഡ് മാനുഫാക്ച്ചറിംഗ് പ്രാക്ടീസ് (GMP), സ്റ്റാൻഡേർഡ് സാനിറ്റേഷൻ ഓപ്പറേഷൻ പ്രൊസീഡിയർ (SSOP) എന്നീ പരിശീലനങ്ങളും നടന്നുവരുന്നു.

(സി) ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് 79.6 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സഹായമായി FQML-ന് 3.87 കോടി രൂപയും, CIFT-ന് 25 ലക്ഷം രൂപയും, FPTC-ക്ക് 7 ലക്ഷം രൂപയും ഇതുവരെ ലഭിച്ചു. ഇതുകൂടാതെ FQML-ന് 15.97 കോടി രൂപയും, CIFT-ന് 25 ലക്ഷം രൂപയും, FPTC-ക്ക് 2.5 ലക്ഷം രൂപയും മെഗാ ഫുഡ് പാർക്കിന് 50 കോടി രൂപയും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഈ വർഷം FPTC നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി നിലവിലുള്ള ഒരു കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ സൗകര്യം ഉപയോഗിച്ച് ചില പരിശീലനങ്ങളും പരിമിതമായ തോതിൽ നടത്തിവരുന്നു. നടപ്പുവർഷം CIFT-നുവേണ്ട ലബോറട്ടറി ഉപകരണങ്ങളും, ലൈബ്രറി ബുക്കുകളും, ഇന്റർനെറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭക്ഷ്യ ഗവേഷണ കൗൺസിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതാണ്.

മാവേലി ഹോട്ടലുകൾ

113 (127) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പുവഴി മാവേലി ഹോട്ടലുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നുവോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര മാവേലി ഹോട്ടലുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ആരംഭിച്ച മാവേലി ഹോട്ടലുകളുടെ പ്രതിദിന ശരാശരി വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര മാവേലി ഹോട്ടലുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് കൂടുതൽ മാവേലി ഹോട്ടലുകൾ ആരംഭിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ മാവേലി ഹോട്ടലുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ സംസ്ഥാനമൊട്ടാകെ 74 മാവേലി ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) ശരാശരി പ്രതിദിന വിറ്റുവരവ് 1,692 രൂപയാണ്.

(ഡി) സംസ്ഥാനത്ത് നിലവിൽ 32 മാവേലി ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നു.

(ഇ) മാവേലി ഹോട്ടലുകൾ തുടങ്ങാൻ സന്നദ്ധരായ സംഘടനകളോ വ്യക്തികളോ മുന്നോട്ടുവന്നാൽ ആയതിനുള്ള സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുന്നതാണ്.

മാവേലി ഹോട്ടലുകൾ

114 (128) ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം നേരിടുന്നതിനായി സംസ്ഥാനത്തെ മുഴുവൻ പട്ടണങ്ങളിലും കുറഞ്ഞ നിരക്കിൽ ഊണ് ലഭിക്കുന്നവിധം മാവേലി ഹോട്ടലുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തുടങ്ങിയ എത്ര ഹോട്ടലുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly